**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഒ.എ.(ഇകെഎം) നം.2873/2017-മേലുള്ള 06.12.2017-ലെ വിധിന്യായം നടപ്പിലാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1182/2018/തസ്വഭവ തീയതി, തിരുവനന്തപുരം, 26.04.2018

==========================================================================

പരാമർശം: 1. പഞ്ചായത്ത് ഡയറക്ടറുടെ 14.03.2000-ലെ ഡി1-213/99 നമ്പർ നടപടിക്രമങ്ങൾ

2. പഞ്ചായത്ത് ഡയറക്ടറുടെ 27.02.2003-ലെ എച്ച്4-11533/2001 നമ്പർ നടപടിക്രമങ്ങൾ

3. സ.ഉ.(സാധാ) നം.4283/04/തസ്വഭവ തീയതി 04.12.2004

4. ശ്രീ. സി. കരുണാകരൻ സമർപ്പിച്ച 14.11.2017-ലെ നിവേദനം **(അനക്ഷർ എ 7)**

5. ഒ.എ.(ഇകെഎം) നം.2873/2017-മേൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പുറപ്പെടുവിച്ച 06.12.2017-ലെ വിധിന്യായം

**ഉത്തരവ്**

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ പരാമർശം (5) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിൽ സ്പെഷ്യൽ ഗ്രേഡ് പഞ്ചായത്ത് സെക്രട്ടറിയായി സേവനത്തിൽ നിന്നും വിരമിച്ച സി. കരുണാകരൻ അനക്ഷർ എ 7 ആയി സമർപ്പിച്ച നിവേദനം ഉത്തരവ് കൈപ്പറ്റി രണ്ട് മാസത്തിനുള്ളിൽ ടിയാനെ നേരിൽ കേട്ട് തീർപ്പ് കൽപിക്കുവാൻ ഉത്തരവായിരുന്നു. ബഹു. അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ വെളിച്ചത്തിൽ സി. കരുണാകരനെ നേരിൽ കേൾക്കുകയുണ്ടായി.

1996-97 കാലഘട്ടത്തിൽ കോഴിക്കോട് തിരുവമ്പാടി ഗ്രാമപഞ്ചായത്തിൽ നടത്തിയ മരാമത്ത് പണികളിലെ ഫണ്ട് വിനിയോഗം സംബന്ധിച്ച്, ബന്ധപ്പെട്ട ഉദ്യോഗസ്ഥനായ ശ്രീ. സി കരുണാകരനെതിരെ ക്രമക്കേടുകൾ സംബന്ധിച്ച് വകുപ്പുതലത്തിൽ അന്വേഷണം നടത്തുകയും നടപടിക്രമങ്ങൾ പാലിച്ച രണ്ട് വാർഷിക വേതനവർദ്ധനവ് സഞ്ചിതബലത്തോടെ തടഞ്ഞുകൊണ്ട് പരാമർശം (1) പ്രകാരം അച്ചടക്ക നടപടി തീർപ്പാക്കി പഞ്ചായത്ത് ഡയറക്ടർ ഉത്തരവ് പുറപ്പെടുവിച്ചു. അതിനെതിരെ ശ്രീ. കരുണാകരൻ സർക്കാരിൽ സമർപ്പിച്ച അപ്പീൽ പരിശോധിക്കുകയും പഞ്ചായത്ത് ഡയറക്ടറുടെ നടപടി ശരി വച്ച് പരാമർശം (3) പ്രകാരം ഉത്തരവാകുകയും ചെയ്തു. ടിയാൻ 30.11.2001-ൽ സേവനത്തിൽനിന്നും വിരമിക്കുകയും തുടർന്ന് പഞ്ചായത്ത് ഡയറക്ടറുടെ പരാമർശം (2) ഉത്തരവ് പ്രകാരം പ്രൊവിഷണൽ പെൻഷൻ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ഇതേ ആരോപണങ്ങളുടെ പേരിൽ വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുകയും വിചാരണ നടപടികൾക്കൊടുവിൽ CC 27/2003 എന്ന നമ്പർ കേസിൽ കുറ്റക്കാരനാണെന്നു കണ്ടു രണ്ട് വർഷത്തെ കഠിന തടവിനും 5000/- രൂപ പിഴയൊടുക്കുന്നതിനും ഉത്തരവാകുകയും അതിനെതിരെ ബഹു. ഹൈക്കോടതിയിൽ CA 2267/2008 നമ്പർ അപ്പീൽ നിലനിൽക്കുകയും ചെയ്യുന്നുണ്ട്. ജയിൽ ശിക്ഷ ബഹു. ഹൈക്കോടതി താത്കാലികമായി തടഞ്ഞിട്ടുണ്ട്.

നേരിൽ കേട്ട വേളയിൽ ടിയാൻ 30.11.2001-ൽ സേവനത്തിൽ നിന്നും വിരമിച്ചിട്ടുള്ളതാണെന്നും ഇതുവരെയായും ഗ്രാറ്റുവിറ്റി, പെൻഷൻ കമ്മ്യൂട്ടേഷൻ എന്നിവ ലഭിച്ചിട്ടില്ലെന്നും ഇവ അനുവദിക്കണമെന്നുമാണ് അറിയിച്ചത്. താത്കാലിക പെൻഷൻ അനുവദിച്ചിട്ടുണ്ടെന്നും അത് ലഭിക്കുന്നുണ്ടെന്നും അറിയിച്ചു. ബാധ്യതയായി നിശ്ചയിച്ച 1,19,121/- രൂപയിൽ 36,000/- രൂപ ഏപ്രിൽ മാസം 2000 മുതൽ 18 തവണകളായി

അടച്ചിട്ടുണ്ടെന്നും ബാക്കിയുള്ള 83,121/- രൂപ അടക്കാനുണ്ടെന്നും അതടയ്ക്കാൻ തയ്യാറാണെന്നും ആ തുക പിടിച്ചെടുത്തിട്ട് ബാക്കിയുള്ള പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. പെൻഷൻ ആനുകൂല്യങ്ങൾ തടഞ്ഞു വക്കരുതെന്ന സുപ്രീംകോടതിയുടെ വിധി നിലവിലുള്ളതാണെന്നും പെൻഷൻ ആനുകൂല്യങ്ങൾ പൂർണമായും അനുവദിക്കണമെന്നുമാണ് ആവശ്യപ്പെട്ടിട്ടുള്ളത്. 83,121/- രൂപയുടെ ബാധ്യതക്കുവേണ്ടി 15 ലക്ഷത്തോളമുള്ള പെൻഷൻ ആനുകൂല്യം തടഞ്ഞുവച്ചിരിക്കുകയാണെന്നും ബഹു. ഹൈക്കോടതിയിൽ നിലനിൽക്കുന്ന കേസിൽ തീരുമാനമുണ്ടാകാൻ ഇനിയും വർഷങ്ങളെടുക്കുമെന്നും അതിനാൽ തനിക്കു ലഭിക്കാനുള്ള പെൻഷൻ ആനുകൂല്യങ്ങൾ തന്റെ പേരിൽ ബാധ്യതയായി നിശ്ചയിച്ചിട്ടുള്ള തുക പിടിച്ചെടുത്ത ശേഷം അനുവദിച്ചുതരണമെന്നുമാണ് നേരിൽ കേട്ട വേളയിൽ അറിയിച്ചത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വിവിധ ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പഞ്ചായത്തിൽ സേവനമനുഷ്ഠിച്ചിരുന്ന കാലയളവിൽ രണ്ടു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ബലത്തോടെ തടഞ്ഞുകൊണ്ട് പഞ്ചായത്ത് ഡയറക്ടർ ഉത്തരവാകുകയും അതിനെതിരെയുള്ള അപ്പീൽ സർക്കാർ തള്ളിക്കളയുകയും ചെയ്തിട്ടുള്ളതാണ്. നടപടിക്രമങ്ങൾ പാലിച്ച് പി.എസ്.സി.യുടെ ഉപദേശവും വാങ്ങിയതിനു ശേഷമാണ് സർക്കാർ തീരുമാനമെടുത്തിരുന്നത്. 30.12.2002-ലെ സ.ഉ.(അച്ചടി) നം. 803/2002/ധന പ്രകാരം ജുഡീഷ്യൽ നടപടിക്രമങ്ങൾ നേരിടുന്ന ഒരു വ്യക്തിയുടെ പെൻഷൻ ആനുകൂല്യങ്ങൾ കേസിന് അന്തിമ തീർപ്പ് ഉണ്ടായതിനു ശേഷം മാത്രമേ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. കേസിന്റെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ടിയാൻ കുറ്റക്കാരനാണോ അല്ലയോ എന്ന് തീരുമാനിക്കാനും ടിയാന്റെ ബാധ്യതകളിന്മേൽ അന്തിമ തീരുമാനം എടുക്കാനും കഴിയൂ. Rule 3 A, Part III പ്രകാരം ചട്ടം 3 അനുസരിച്ച് വകുപ്പുതല/നീതിന്യായ അച്ചടക്ക നടപടി ആരംഭിക്കുകയോ തുടരുകയോ ചെയ്യുന്ന കേസിൽ അങ്ങനെയുള്ള നടപടിയുടെ തീർപ്പാക്കലും അതിൻമേലുള്ള അന്തിമ ഉത്തരവ് പുറപ്പെടുവിക്കലും വരെ യാതൊരു അന്ത്യോപദാനവും (DCRG) നൽകാൻ പാടില്ലാത്തതുമാണ്. ഈ കേസിൽ ശ്രീ. സി. കരുണാകരനെതിരെ വിചാരണ കോടതി നൽകിയ ശിക്ഷ ബഹു. ഹൈക്കോടതി താത്കാലികമായി തടഞ്ഞിട്ടേയുള്ളൂ. അന്തിമ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ ടിയാന് നിലവിൽ കിട്ടിക്കൊണ്ടിരിക്കുന്ന താല്ക്കാലിക പെൻഷനുമാത്രമേ അർഹതയുള്ളതായി കാണുന്നുള്ളൂ. മറ്റ് പെൻഷൻ ആനുകൂല്യങ്ങൾ ജ്യുഡീഷ്യൽ നടപടിയുടെ തീർപ്പിന് വിധേയമായി മാത്രമേ നല്കുവാൻ സാധിക്കുകയുള്ളൂ.

ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ പരാമർശം (5) വിധിന്യായം ഇപ്രകാരം നടപ്പിലാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**എസ്. മോഹൻദാസ്**
അഡീഷണൽ സെക്രട്ടറി

1. ശ്രീ. സി. കരുണാകരൻ
   സീനിയർ സൂപ്രണ്ട് (റിട്ട), പാൽക്കണ്ടിയിൽ ഹൗസ്, കുന്നമംഗലം പി.ഒ, കോഴിക്കോട് – 673 571
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം/തൃശ്ശൂർ
4. അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
6. ധനകാര്യ വകുപ്പ് (ഫയൽ നം.ഡെവ 1/86/2018 തീയതി 29/03/2018 പ്രകാരം)
7. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
8. വെബ് & ന്യൂ മീഡിയ, സൗത്ത് ബ്ലോക്ക്, ഗവ. സെക്രട്ടേറിയറ്റ്, തിരുവനന്തപുരം
9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/19/2018/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ